**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 399** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ ബോർഡിന് കൂടുതൽ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീമതി.ഉമ തോമസ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവന നിർമ്മാണ ബോർഡ് വഴി എത്ര പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെന്നും ബോർഡിന് എത്ര രൂപ ബജറ്റ് വിഹിതമായി നൽകിയിട്ടുണ്ടെന്നും ഇതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാണോ; എങ്കിൽ നൽകുമോ; | (എ) | 2021-22 ബഡ്ജറ്റിൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് അനുവദിച്ച് നൽകിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1) കൊല്ലം ജില്ലയിലെ കരീപ്രയിൽ ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കുള്ള ഭവന പദ്ധതി.<br><br>2) ഇടുക്കി ജില്ലയിലെ പീരുമേട്ടിൽ ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കുള്ള ഭവന പദ്ധതി.<br><br>3) വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, റാന്നി, പത്തനംതിട്ട.<br><br>4) കണ്ണൂർ മെഡിക്കൽ കോളേജിൽ ആശ്വാസ് വാടക വീട് പദ്ധതി<br><br>സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വഴി നടപ്പിലാക്കിയ പ്രോജക്ടുകളുടെയും, ആയതിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിന്റെയും, ആയത് ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>2022-23 ബഡ്ജറ്റിൽ സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് അനുവദിച്ച് നൽകിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു<br><br>1)തൃശ്ശൂർ ജില്ലയിൽ മുളങ്കുന്നത്തുകാവിൽ ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗക്കാർക്കു വേണ്ടിയിട്ടുള്ള ഭവന പദ്ധതിക്ക് 950 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.<br><br>2) കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ ആശ്വാസ് വാടക വീട് പദ്ധതിക്ക് 800 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. |

| | | | |
|---|---|---|---|
| | | | 3) പത്തനംതിട്ട ജില്ലയിൽ കോന്നി മെഡിക്കൽ കോളേജിൽ ആശ്വാസ് വാടക വീട് പദ്ധതിക്ക് 700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.<br><br>4) കണ്ണൂർ ജില്ലയിൽ മട്ടന്നൂരിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതിക്ക് 563 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. |
| (ബി) | ജീവനക്കാരുടെയും പെൻഷൻകാരുടെയും ആനുകൂല്യങ്ങൾ പോലും ഭവന നിർമ്മാണ ബോർഡിന് വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോയെന്നും ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് വഴി ദുർബ്ബലവിഭാഗക്കാർക്ക് വേണ്ടി നടപ്പിലാക്കിയ മൈത്രി ഭവന വായ്പാ പദ്ധതി സർക്കാർ എഴുതിതള്ളിയ വകയിലും മൈത്രി ഭവന വായ്പാ പലിശ സബ്സിഡിയായി അനുവദിച്ച വകയിൽ സർക്കാർ ബോർഡിന് 283.16 കോടി രൂപ അനുവദിയ്ക്കേണ്ടതാണെന്ന് ഭവന നിർമ്മാണ ബോർഡ് നിയോഗിച്ച ചാർട്ടേർഡ് അക്കൗണ്ടന്റ് കണ്ടെത്തുകയുണ്ടായി. ഇതേ തുടർന്ന് 40 കോടി രൂപ ഇതിനകം സർക്കാർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് പുതിയ പദ്ധതികൾ നടപ്പിലാക്കിവരികയാണ്. ഇതനുസരിച്ച് തനത് നിർമ്മാണ പദ്ധതികൾക്കായി 41 കോടി രൂപ വേണ്ടിവരും. പുതിയ വായ്പാ പദ്ധതി കൂടി നടപ്പിലാക്കിയാൽ മാത്രമേ ഭവന നിർമ്മാണ ബോർഡിന് സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറാൻ സാധിക്കുകയുള്ളൂ എന്നത് പരിഗണിച്ച് സർക്കാർ ജീവനക്കാർക്കു വേണ്ടിയുള്ള ഒരു പുതിയ വായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ ഭവന നിർമ്മാണ ബോർഡിന് സർക്കാരിലെ വിവിധ വകുപ്പുകൾ വാടകയിനത്തിൽ നൽകാനുള്ള കുടിശ്ശിക തുക ബോർഡിലേക്ക് അടപ്പിക്കാനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പാക്കിയ ഭവന പദ്ധതികളുമായി ബന്ധപ്പെട്ട് ദുർബല വിഭാഗക്കാരുടെ കുടിശ്ശിക സർക്കാർ എഴുതിത്തള്ളിയ വകയിൽ ഭവന നിർമ്മാണ ബോർഡിന് നൽകേണ്ട തുക അനുവദിക്കുന്ന വിഷയം സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | കടുത്ത സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് ബോർഡിന് കൂടുതൽ പദ്ധതികൾ ഏൽപ്പിച്ച് നൽകുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | ഓരോ സാമ്പത്തിക വർഷവും സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതി പ്രൊപ്പോസലുകൾ ലഭ്യമാകുന്ന മുറക്ക് ആയവ സംസ്ഥാന ആസൂത്രണ ബോർഡിന്റെ അംഗീകാരത്തോടെ അതത് വർഷത്തെ ബജറ്റ് |

| | | | |
|---|---|---|---|
| | | | പ്രഖ്യാപനങ്ങളിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ